# കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ

## വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ഗുഡ്സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖകൾ

1. സർട്ടിഫിക്കറ്റുകൾ ലഭിക്കേണ്ട വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ മേൽ വിലാസം, ഫോൺ നമ്പർ, ഇ മെയിൽ ഐഡി എന്നിവ രേഖപ്പെടുത്തിയ അപേക്ഷ.
2. കേരള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. ★ ★
3. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജനനതീയതി രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ്.
4. സമീപ കാലത്ത് ലഭിച്ചിട്ടുള്ള സ്വഭാവം രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
5. അതാത് രാജ്യത്തെ വെരിഫിക്കേഷനുള്ള നിശ്ചിത ഫാറം
6. വിദേശത്ത് / ഇന്ത്യക്കകത്ത് ജോലി ചെയ്യുന്ന അപേക്ഷകർ യഥാക്രമം 2000/ 500 രൂപ ഫീസ് ഒടുക്കേണ്ടതാണ്. ടി ഫീസ് എസ്. ബി.ടി മെയിൻ ശാഖ യിൽ ചെലാൻ ഒടുക്കുകയോ, രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിലിന്റെ പേരിൽ തിരുവനന്തപുരം എസ്.ബി.ടി മെയിൻ ശാഖയിൽ മാറത്തക്കവിധം എസ്.ബി.ടി ഡി.ഡി എടുത്ത് ഹാജരാക്കുകയോ ചെയ്യേണ്ട താണ്.
7. അപേക്ഷകൾ രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 35 എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതാണ്.

★ ★ 01/01/2000 മുതൽ 31/12/2011 വരെയുള്ള കാലയളവിൽ കേരള നഴ്സിംഗ് കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് www.knmc.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി ഏതു സമയത്തും നിശ്ചിത ഫീസൊടുക്കി സർട്ടിഫിക്കറ്റ് റിന്യൂവലിനു അപേക്ഷിക്കാവുന്നതാ ണ്. വിശദവിവരങ്ങൾ www.knmc.orgഎന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ കാലയളവിലുള്ളവർ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടി ഫിക്കറ്റ് പുതുക്കിയാൽ മാത്രമേ നഴ്സിംഗ് കൗൺസിലിൽ നിന്നും അവർക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുകയുള്ളൂ.

രജിസ്ട്രാർ

# കേരള നഴ്സസ്സ് ആന്റ് മിഡ്വൈവെവ്സ് കൗൺസിൽ

## മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖകൾ

1. വിദ്യാർത്ഥിയുടെ അപേക്ഷ
2. കേരള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജനനതീയതി രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ്.
4. സർട്ടിഫിക്കറ്റിന് 300/- രൂപ ഫീസ് ഒടുക്കേണ്ടതാണ്. ടി ഫീസ് എസ്.ബി.ടി മെയിൻ ശാഖയിൽ ചെലാൻ ഒടുക്കുകയോ, രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെവ്സ് കൗൺസിലിന്റെ പേരിൽ തിരുവനന്തപുരം എസ്.ബി.ടി മെയിൻ ശാഖയിൽ മാറത്തക്ക വിധം എസ്.ബി.ടി ഡി.ഡി എടുത്ത് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.
5. അപേക്ഷകൾ രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെവ്സ് കൗൺസിൽ, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 35 എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0471-2774105 എന്ന ഫോൺ നമ്പറുമായി ബന്ധപ്പെടുക.

**എൻ.ബി: കേരളത്തിലെ നഴ്സിംഗ് സ്കൂളുകളിൽ നിന്ന് ജനറൽ നേഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സ് പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഇവിടെ നിന്നും മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.**

രജിസ്ട്രാർ

# കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ

# എൻ.ഒ.സി ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖകൾ

1. വിദ്യാർത്ഥിയുടെ അപേക്ഷ
2. കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ഒറിജിനൽ)
3. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജനനതീയതി രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ്.
4. സർട്ടിഫിക്കറ്റിന് 300/- രൂപ ഫീസ് ഒടുക്കേണ്ടതാണ്. ടി ഫീസ് എസ്.ബി.ടി മെയിൻ ശാഖയിൽ ചെലാൻ ഒടുക്കുകയോ, രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിലിന്റെ പേരിൽ തിരുവനന്തപുരം എസ്.ബി.ടി മെയിൻ ശാഖയിൽ മാറത്തക്ക വിധം എസ്.ബി.ടി ഡി.ഡി എടുത്ത് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.
5. അപേക്ഷകൾ രജിസ്ട്രാർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 35 എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതാണ്.

01/01/2000 മുതൽ 31/12/2011 വരെയുള്ള കാലയളവിൽ കേരള നഴ്സിംഗ് കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് www.knmc.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി ഏതു സമയത്തും നിശ്ചിത ഫീസൊടുക്കി സർട്ടിഫിക്കറ്റ് റിന്യൂവലിനു അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ www.knmc.orgഎന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ കാലയളവിലുള്ളവർ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കിയാൽ മാത്രമേ നഴ്സിംഗ് കൗൺസിലിൽ നിന്നും അവർക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുകയുള്ളൂ.

രജിസ്ട്രാർ

## <u>കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിന് ഹാജരാക്കേണ്ട രേഖകൾ</u>

1. കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയെന്ന് കാണിച്ചുകൊണ്ടുള്ള രജിസ്ട്രാർക്കുള്ള അപേക്ഷ (ടെലിഫോൺ നമ്പർ സഹിതം).
2. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതു സംബന്ധിച്ച് നൽകിയ പത്രപരസ്യം. (പത്രത്തിന്റെ ഒറിജിനൽ)
3. പോലീസ് റിപ്പോർട്ടിന്റെ ഒറിജിനൽ.
4. 200/- രൂപയുടെ മുദ്രപത്രത്തിൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റിൽ നിന്നോ, നോട്ടറിയിൽ നിന്നോ വാങ്ങിയ സത്യവാങ്മൂലം (ഒറിജിനൽ.)
5. നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
6. കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ശാഖയിൽ മാറത്തക്കവിധം എടുത്ത 2000/- രൂപയുടെ എസ്.ബി.റ്റി ഡി.ഡി.
7. Passport Size Photo with White Background in JPG or JPEG format only having Dimension 150(width) x 200(height) pixels and size less than 20 KB)

   **Horizontal and Vertical Resolution for the image should be greater than or equal to 72 ** Please do not upload photo bearing name and date of photo.

   <u>**The photo should be submitted in a C D.**</u>
8. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്.

**എൻ.ബി: കൗൺസിൽ ആവശ്യപ്പെടുമ്പോൾ അപേക്ഷകൻ ഒറിജിനൽ തിരിച്ചറിയൽ കാർഡ് സഹിതം കൂടികാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്. കൂടിക്കാഴ്ചയ്ക്കു ശേഷം മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.**

(അപേക്ഷകകക്ഷി നിർബ്ബന്ധമായും നേരിട്ടു ഹാജരാകേണ്ടതാണ്)

( അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകൾക്ക് 6 മാസത്തെ സാധുത (Validity) മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.)

രജിസ്ട്രാർ

## കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് ലഭിക്കുന്നതിനാവശ്യമായ രേഖകൾ

1. കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ മാർക്ക് ലിസ്റ്റ് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയെന്നും ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് രജിസ്ട്രാർക്കുള്ള അപേക്ഷ (ടെലിഫോൺ നമ്പർ സഹിതം).
2. 200/- രൂപയുടെ മുദ്രപത്രത്തിൽ നോട്ടറിയിൽ നിന്ന് വാങ്ങിയ സത്യവാങ്മൂലത്തിന്റെ ഒറിജിനൽ.
3. കേരള നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
4. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. ഒരു മാർക്ക്ലിസ്റ്റിന് 100 രൂപ വീതം കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ പേരിൽ എടുത്ത തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ശാഖയിൽ മാറത്തക്കവിധം എടുത്ത എസ്.ബി.റ്റി ഡി.ഡി.

രജിസ്ട്രാർ